B

# സമഗ്ര ശിക്ഷാ കേരളം

GI 101

## വാർഷിക മൂല്യനിർണ്ണയം 2024-2025

ക്ലാസ് : 1

## ഉദ്ഗ്രഥനം - ഒന്നാം ദിവസം

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

- മൂന്നു ദിവസങ്ങളിലേക്കായി 13 പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്.
- ഓരോ പ്രവർത്തനവും വിലയിരുത്തി നിലവാര സൂചിക (a, b, c, d, e) രേഖപ്പെടുത്തണം.
- ഓരോ പ്രവർത്തനത്തിനും ലഭിച്ച നിലവാര സൂചിക പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് (A, B, C, D, E) നൽകണം.
- ക്രയോണുകൾ എല്ലാ ദിവസവും കൊണ്ടുവരാൻ നിർദേശിക്കണം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.

**പ്രവർത്തനം 1 - നിറം കൊടുക്കാം**

(മൂല്യനിർണ്ണയേതരം)

**ആമുഖം :**

കൂട്ടുകാരെ നിങ്ങൾക്ക് കഥകൾ ഇഷ്ടമല്ലേ? ടീച്ചർ നിങ്ങൾക്ക് ധാരാളം കഥകൾ പറഞ്ഞു തരാറില്ലേ. പിന്നെ നിങ്ങൾക്ക് കഥകൾ പറഞ്ഞുതരാറുള്ളത് ആരൊക്കെയാണ് ? (പ്രതികരണത്തിന് അവസരം)

"എനിക്ക് കഥകൾ പറഞ്ഞുതരാറുള്ളത് ആരാണെന്നറിയാമോ? എന്റെ നാട്ടിലെ ഒരു മുത്തശ്ശിയായിരുന്നു. മുത്തശ്ശിയുടെ പേരറിയേണ്ടേ? നങ്ങേലിമുത്തശ്ശി". മുത്തശ്ശിയെക്കുറിച്ച് നമ്മുടെ നാട്ടിൽ ഒരു പാട്ട് തന്നെയുണ്ട്.

ടീച്ചർ പാട്ട് പാടുന്നു.

ഞങ്ങൾക്കുണ്ടൊരു മുത്തശ്ശി
പല്ലില്ലാത്തൊരു മുത്തശ്ശി
വടിയും കുത്തി കാവടിപോലെ
വളഞ്ഞുനടക്കും മുത്തശ്ശി.

വടിയും കുത്തി മുത്തശ്ശി പാടവരമ്പിലൂടെ പോകുന്ന കാഴ്ച കാണേണ്ടതുതന്നെയാണ്. നിങ്ങൾക്കും ആ കാഴ്ചകൾ കാണണമെന്നില്ലേ?

വർക്ക്ഷീറ്റ് (മൂല്യനിർണ്ണയേതരം) അവതരിപ്പിക്കുന്നു.

**പ്രവർത്തനം 2 - കഥ വായിക്കാം**

***പഠനലക്ഷ്യം :***

- ***പാഠത്തിൽനിന്ന് നിശ്ചിതവാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ കണ്ടെത്തി വായിക്കുന്നു.***
- ***മലയാളലിപികൾ അംഗീകൃതരീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ആലേഖനക്രമം) എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്യങ്ങളും ചെറുവാക്യങ്ങളും പൂർത്തിയാക്കുന്നു***

**ആമുഖം :**

കുറെ മാസങ്ങൾക്കു മുമ്പ് മുത്തശ്ശി നാട്ടുകാരെയൊക്കെ പൊട്ടിച്ചിരിപ്പിച്ചു. ആ സംഭവം നിങ്ങൾക്ക് അറിയണോ? വായിച്ചു നോക്കൂ.

**വിലയിരുത്തൽ സൂചകങ്ങൾ**

- 5 ചോദ്യങ്ങൾക്കും ഉത്തരം എഴുതിയാൽ — 5/4/3/2/1 പോയിന്റ്

പ്രവർത്തനം 3 – ഹായ് നെയ്യപ്പം !

*പഠനലക്ഷ്യം :*

- *നിത്യജീവിതവുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു*

**ആഖ്യാനം :**

കഥ ഇഷ്ടമായോ.

തുടർന്ന് എന്താണ് സംഭവിച്ചതെന്ന് അറിയാമോ? "മുത്തശ്ശനും മുത്തശ്ശിയും മിണ്ടുന്നില്ല... " പാൽക്കാരനും മീൻകാരനും ഉറക്കെ വിളിച്ചുപറഞ്ഞു. നാട്ടുകാർ ഓടി വന്നു. അവരും വിളിച്ചു നോക്കി. രണ്ടുപേരും മിണ്ടിയതേയില്ല. "രണ്ടുപേർക്കും എന്തോ അപകടം പറ്റിയിട്ടുണ്ട്. ആശുപത്രിയിൽ കൊണ്ടു പോകാം. വേഗം വണ്ടി വിളിക്ക്". അവർ ഒരു ജീപ്പിൽ ആദ്യം മുത്തശ്ശിയെ കയറ്റി. മുത്തശ്ശനെ കയറ്റുമ്പോൾ മുത്തശ്ശന്റെ കാൽ ജീപ്പിൽ ഒന്നു തട്ടി. മുത്തശ്ശന് വേദനിച്ചു. " അയ്യോ എന്റെ കാലേ " മുത്തശ്ശൻ നിലവിളിച്ചു. നാട്ടുകാർ ഞെട്ടി. " മുത്തശ്ശൻ തോറ്റേ. എനിക്ക് അഞ്ചപ്പം" എന്ന് പറഞ്ഞ് മുത്തശ്ശി ജീപ്പിൽ നിന്ന് ഇറങ്ങി ഓടി. പുറകെ മുത്തശ്ശനും ഓടി. ഓടിയോടി അടുക്കളയിലെത്തി. ങ്യാവൂ...ങ്യാവൂ... നെയ്യപ്പമെല്ലാം തിന്ന് ഒരു കണ്ടൻപൂച്ച അതാ പുറത്തേക്കു വരുന്നു.

"സാരമില്ല നമുക്ക് ഇനിയും നെയ്യപ്പം ചുടണം", ഞങ്ങളെ കാണാൻ വന്നവർക്കൊക്കെ കൊടുക്കണം". അവർ നെയ്യപ്പം ചുട്ടു. എല്ലാവർക്കും കൊടുത്തു. "ബാക്കിയുള്ളത് വീട്ടിലേക്കും കൊണ്ടു പൊയ്ക്കോളൂ..കേട്ടോ". നാട്ടുകാർക്ക് സന്തോഷമായി. അവർക്കു കിട്ടിയ നെയ്യപ്പം നോക്കൂ. വർക്ക്ഷീറ്റ് 3 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- അഞ്ചു പ്രശ്നങ്ങൾക്കും ഉത്തരം കണ്ടെത്തിയാൽ — 5/4/3/2/1 പോയിന്റ്

**പ്രവർത്തനം 4 – നന്നായി വളരാൻ**

*പഠനലക്ഷ്യം : വിവിധ തരം ആഹാരങ്ങൾ കഴിച്ചാലേ ശരിയായ വളർച്ചയുണ്ടാകൂ എന്ന ധാരണ നേടുന്നു*

**ആഖ്യാനം :**

കിട്ടിയ നെയ്യപ്പവും കൊണ്ട് കേശു വീട്ടിലെത്തി. കേശുവിന്റെ മകളാണ് ചെമ്പരത്തി. അവൾക്ക് നെയ്യപ്പം ഇഷ്ടമേ അല്ല. അവൾക്ക് ഇഷ്ടമുള്ളത് എന്താണെന്നോ? ഐസ്ക്രീം. പിന്നെ ബർഗർ. പക്ഷേ കേശു അവൾക്ക് അതൊന്നും വാങ്ങിക്കൊടുക്കാറില്ല. അദ്ദേഹം എപ്പോഴും പറയും "നല്ല ആരോഗ്യത്തിന് നല്ല ആഹാരം കഴിക്കണം". അദ്ദേഹം പറയുന്നത് ശരിയാണോ? ഏതൊക്കെയാണ് നല്ല ആഹാരങ്ങൾ? വർക്ക്ഷീറ്റ് 4 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- ആഹാരങ്ങളിൽ നല്ലത്/ദോഷകരമായത് എന്നിങ്ങനെ തിരിച്ചറിഞ്ഞ് അടയാളം നൽകിയാൽ — 4/3/2/1 പോയിന്റ്
- കൂട്ടത്തിൽപ്പെടാത്ത ആഹാരസാധനം കണ്ടെത്തിയാൽ — 1 പോയിന്റ്

**പ്രവർത്തനം 5 – അപ്പുവിന്റെ ഡയറി**

***പഠനലക്ഷ്യം : സ്വന്തം അനുഭവങ്ങൾ, ജീവിത സന്ദർഭങ്ങളിലെ സംഭവങ്ങൾ എന്നിവ ലളിതമായ സചിത്ര വിവരണങ്ങൾ, സചിത്രഡയറി എന്നീ രൂപങ്ങളിൽ എഴുതുന്നു***

**ആഖ്യാനം :**

മുത്തശ്ശനെയും മുത്തശ്ശിയേയും രക്ഷിക്കാൻ ഓടിച്ചെന്നവരിൽ അപ്പുവുമുണ്ടായിരുന്നു. അപ്പു ഒന്നാം ക്ലാസിലാണ് പഠിക്കുന്നത്. അവൻ എഴുതിയ ഡയറി നോക്കൂ. വർക്ക്ഷീറ്റ് 4 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- സ്വന്തം അനുഭവങ്ങൾ ലഘുവാക്യങ്ങളിൽ എഴുതിയിട്ടുണ്ട് — 3/2/1 പോയിന്റ്
- ചിത്രീകരണം നടത്തിയിട്ടുണ്ട് — 1 പോയിന്റ്
- അക്ഷരത്തെറ്റില്ലാതെ വാക്കകലം പാലിച്ച് എഴുതിയിട്ടുണ്ട് — 1 പോയിന്റ്